# നീര തേടി അലയേണ്ട: പഞ്ചായത്തുകളിൽ വെൻഡിങ്ങ് മെഷീനുകൾ വരുന്നു

■ ഷിന്റോ തോമസ്

കോട്ടയം

നീരയ്ക്കായി ഇനി പഞ്ചായത്തുകളിൽ വെൻഡിങ് മെഷീനുകൾ. നീര ലഭ്യമാകുന്ന സ്ഥലങ്ങളിലെ പഞ്ചായത്തുകളിൽ വെൻഡിങ് മെഷീനുകൾ സ്ഥാപിക്കാൻ നാളികേര വികസന കോർപ്പറേഷന് തദ്ദേശ സ്വയംഭരണ വകുപ്പ് അനുവാദം നൽകി. നാളികേര വികസന കോർപ്പറേഷൻ മാനേജിങ് ഡയറക്ടറുടെ ആവശ്യത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനതല കോ- ഓഡിനേഷൻ സമിതിയുടെ തീരുമാനമനുസരിച്ചാണ് അനുമതി. നീരയുടെ വിപണനം കൂടുതൽ വികസിതമാകാൻ പദ്ധതി ഉപകരിക്കുമെന്നാണ് അധികൃതരുടെ പ്രതീക്ഷ. സംസ്ഥാനത്ത് 25 നീര ഉദ്പാദക കമ്പനികൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും അധികൃതർ ഉദ്ദേശിച്ച രീതിയിൽ ഉത്പാദനവും വിപണനവും നടക്കുന്നില്ല. പഞ്ചായത്തുകളിൽ വെൻഡിങ് മെഷീൻ സ്ഥാപിക്കുന്നതോടെ കൂടുതൽ പ്രദേശങ്ങളിലേക്കു നീരയെത്തിക്കാൻ കഴിയുമെന്നാണ് കണക്കുക്കൂട്ടൽ.

നാളികേര വികസന ബോർഡിന്റെ കണക്കനുസരിച്ച് സംസ്ഥാനത്തു 4339 തെങ്ങുകളാണു നീര ഉദ്പാദനത്തിനായി ചെത്തുന്നത്. എല്ലാ ജില്ലകളിലും നീര ഉദ്പാദനം ആരംഭിച്ചിട്ടുണ്ടെങ്കിലും സജീവമായി നിലനിൽക്കുന്നതു മലപ്പുറം, കൊല്ലം ജില്ലകളിലാണെന്നു കണക്കുകൾ സൂചിപ്പിക്കുന്നു. ആഴ്ച അടിസ്ഥാനത്തിലുള്ള ഉത്പാദനം കണക്കാക്കിയാൽ കഴിഞ്ഞയാഴ്ച ഏറ്റവും കൂടുതൽ ഉത്പാദനം നടന്നിരിക്കുന്നതു മലപ്പുറം ജില്ലയിലാണ്, 7584 ലിറ്റർ, രണ്ടാം സ്ഥാനത്തുള്ള കൊല്ലം ജില്ലയിൽ 5400 ലിറ്റർ നീര ഏപ്രിൽ 26 മുതൽ മേയ് രണ്ടുവരെയുള്ള ആഴ്ചയിൽ ഉത്പാദിപ്പിച്ചു.

തെങ്ങു കൃഷി ഏറെയുള്ള വടക്കൻ ജില്ലകളിൽ പലതിലും പ്രതീക്ഷിച്ച രീതിൽ നീരയുടെ ഉദ്പാദനം നടക്കുന്നില്ല. പാലക്കാട്ടെ നീര ഉദ്പാദക കമ്പനി 2960 ലിറ്റർ നീരയാണു കഴിഞ്ഞ ആഴ്ച ഉദ്പാദിപ്പിച്ചത്.

കോഴിക്കോട് ജില്ലയിൽ ഒന്നിലേറെ കമ്പനികൾ രംഗത്തുണ്ടെങ്കിലും തെങ്ങു കൃഷിയെ അടിസ്ഥാനമാക്കി നോക്കുമ്പോൾ ഉദ്പാദനം കുറവാണ്. കുറ്റ്യാടിയിലെ കമ്പനി 2000 ലിറ്ററും കോഴിക്കോട്ടെ കമ്പനി 582 ലിറ്ററും കൊയിലാണ്ടിയിലെ കമ്പനി 100 ലിറ്ററുമാണു കഴിഞ്ഞയാഴ്ച ഉത്പാദിപ്പിച്ചത്.

പാലക്കാട്, കോഴിക്കോട് ജില്ലകളിലെ കമ്പനികളിൽ മുൻ ആഴ്ചകളിലേതിനേക്കാൾ ഉത്പാദനം കുറഞ്ഞതായും കണക്കുകൾ സൂചിപ്പിക്കുന്നു. രജിസ്റ്റർ ചെയ്തെങ്കിലും ഇതുവരെയും ഉദ്പാദനം ആരംഭിക്കാത്ത കമ്പനികളുമുണ്ട്.

അധികൃതരുടെ കണക്കനുസരിച്ച് നീര ഉദ്പാദനം ആരംഭിച്ച് അഞ്ചു മാസം പിന്നിടുമ്പോൾ 554 കർഷകർക്കു നേരിട്ടുള്ള പ്രയോജനം ലഭിക്കുന്നുണ്ട്. ഓരോ ആഴ്ചയിലും എണ്ണത്തിൽ നേരിയ വർധനവുമുണ്ടാകുന്നുണ്ട്. പലയിടങ്ങളിലും നീര ഉദ്പാദനത്തിന്റെ വാണിജ്യ സാധ്യത മനസിലാക്കാൻ കർഷകർ താമസിക്കുന്നതാണ് ഉത്പാദനം ഉദ്ദേശിച്ച രീതിയിൽ ഉയരാത്തതെന്ന് അധികൃതർ പറയുന്നു.

സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി നിരവധിപ്പേർക്ക് പ്രത്യക്ഷമായും പരോക്ഷമായും തൊഴിൽ നൽകുന്നതിനും നീര ഉപകരിക്കുന്നുണ്ട്. വിവിധ കമ്പനികൾക്കു കീഴിലായി 766 പേർ നീര ചെത്തു തൊഴിലിൽ ഏർപ്പെട്ടിട്ടുണ്ട്. ഉദ്പാദനവും വിപണനവുമായി ബന്ധപ്പെട്ട മറ്റു മേഖലകളും പലർക്കും തൊഴിൽ നൽകുന്നു.